**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 24** **22-02-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | 2011-ലെ തീരദേശപരിപാലന നിയമത്തിൽ ഭേദഗതി വരുത്തി 2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. തീരദേശ പരിപാലന അതോറിറ്റി നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്ലാനിൽ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണ്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാനിൽ ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ഇളവുകൾ സംസ്ഥാനത്ത് നിലവിൽ വരും. |
| (ബി) | സംസ്ഥാന സർക്കാർ നാഗരിക സ്വഭാവമുള്ളതും 2011-ലെ സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമായ ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്തിട്ടുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള ഏതൊക്കെ പഞ്ചായത്തുകളാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | 06.10.2021 ലെ GO(Ms) No.226/2021/LSGD നോട്ടിഫിക്കേഷൻ പ്രകാരം 398 ഗ്രാമപഞ്ചായത്തുകളെ വില്ലേജ് പഞ്ചായത്ത് കാറ്റഗറി I, വില്ലേജ് പഞ്ചായത്ത് കാറ്റഗറി II, പഞ്ചായത്തുകളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറി ആയി മാറ്റം വരുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ |

| | | | |
|---|---|---|---|
| | | | ഉപദേശം ആരാഞ്ഞിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ലഭിച്ച ശേഷം നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത നിർവ്വചനത്തിന്റെ പരിധിയിൽ വരുകയെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ